# നമുക്ക് വേണം, ഇരകളുടെ ഒരു ഐക്യം

**മുസ്തഫ ദേശമംഗലം**

**മണ്ണിന്റെയും** മനുഷ്യന്റെയും പ്രകൃതിയുടെയും ആവാസവ്യവസ്ഥയെ സംരക്ഷിക്കാനുള്ള മൗലികമായ ചിന്തകൾ നമ്മുടെ സമൂഹത്തിൽ ഇനിയും ഉണ്ടായില്ലെങ്കിൽ ജീവിതം ദുരിതപൂർണ്ണമാകുമെന്ന മുന്നറിയിപ്പായിരുന്നു ഏലൂരിൽ ചേർന്ന മലിനീകരണത്തിനെതിരെയുള്ള മനുഷ്യസംഗമം. ഒക്ടോബർ പതിനേഴ് ഞായറാഴ്ച ഏലൂരിൽ ചേർന്ന മലിനീകരണ വിരുദ്ധ സെമിനാറും മനുഷ്യസംഗമവും ഏറെ ശ്രദ്ധേയമായിരുന്നു.

"ഇന്ന് കേരളത്തിന്റെ വളരെ സുപ്രധാനമായ വിധി നിർണായക ദിവസമാണ്. മനുഷ്യൻ സൃഷ്ടിച്ച വലിയൊരു വിപത്തിന്റെ വിലാപം പങ്കിടുകയാണ് നമ്മൾ. ഇന്ത്യയിലെ പരമോന്നത കോടതി ഉത്തരവിട്ട വിധിപോലും പ്രഹസനമാക്കുന്ന കേരള മലിനീകരണ നിയന്ത്രണ ബോർഡിനുള്ള താക്കീതുകൂടിയാണ് ഈ കൂടിച്ചേരൽ" സെമിനാറിന്റെ സ്വാഗത പ്രസംഗത്തിൽ സി.എ. രവീന്ദ്രൻ പറഞ്ഞു.

വ്യവസായ മലിനീകരണമെന്നാൽ രാസമലിനീകരണം തന്നെയാണ്. ഇന്ന് കേരളത്തെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ ആപത്താണ് ഈ മലിനീകരണം. നമ്മുടെ വികസന സങ്കൽപ്പങ്ങൾ ചെറിയ കാലയളവിന്റേതാണ്. നമുക്കില്ലാത്ത ഒന്ന്, വികസനത്തിനായുള്ള നീണ്ട കാലത്തിന്റെ സങ്കൽപ്പങ്ങളാണ്. അങ്ങനെയാകുമ്പോൾ മാത്രമെ അത് വികസനമായി പരിഗണിക്കാനാവൂ. ഞാൻ ഇന്ത്യൻ എക്സ്പ്രസിൽ ജോലി ചെയ്യുന്ന കാലത്തുതന്നെ പെരിയാറിന്റെ തീരത്തുകൂടി സഞ്ചരിച്ച്, ഇവിടെ മലിനീകരണം രൂക്ഷമാണെന്നും, ഉടൻ നടപടിയെടുക്കണമെന്നും എഴുതി. വീണ്ടും വീണ്ടും എഴുതി. ആരും ചെവികൊണ്ടില്ല, സമ്മതിച്ചില്ല.

പത്രപ്രവർത്തകയായ ലീലാമേനോൻ അദ്ധ്യക്ഷ പ്രസംഗത്തിൽ ഇങ്ങനെ വിലപിക്കുകയുണ്ടായി. "ജീവിതവുമായി ബന്ധപ്പെട്ട ഏറ്റവും അനിവാര്യമായ പ്രകൃതിയെ കുറെ കാലമായി മനുഷ്യൻ അവഗണിക്കുകയാണ്." ഉദ്ഘാടനപ്രസംഗം നിർവ്വഹിക്കുന്നതിനിടെ പന്ന്യൻ രവീന്ദ്രൻ പറഞ്ഞു. "പ്രകൃതിയെ ഇത്ര ക്രൂരമായി ചൂഷണം ചെയ്യാൻ മനുഷ്യന് ആരാണ് അധികാരം നൽകിയത് ? ലോകത്തെ സമ്പന്നരാജ്യങ്ങളാകട്ടെ, അവരുടെ പ്രകൃതി വിഭവങ്ങൾ കാത്തു സൂക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധരാണ്. നമുക്ക് എന്താണ് സംഭവിച്ചത് ? ഭോപ്പാലിലെ യൂണിയൻ കാർബൈഡ് കമ്പനി നമ്മുടെ രാജ്യത്തുനിന്ന് കടത്തിയത് എത്ര കോടി രൂപയാണെന്നതിന് യാതൊരു കണക്കുമില്ല. മാവൂരിലും ഇതുതന്നെയാണ് ഗ്വാളിയോർ റയോൺസ് എന്ന കമ്പനി ചെയ്തത്. എല്ലാ വ്യവസായ മഹാമേരുക്കളും ചേർന്ന് നമ്മുടെ ജീവിതത്തെ തകിടം മറിച്ചു. കേരളത്തിലെ 44 നദികൾക്കും ഇവരുടെ വ്യവസായ ശൃംഖല അർബുദം സമ്മാനിച്ചു."

പന്ന്യൻ രവീന്ദ്രൻ ക്ഷോഭ്യനായികൊണ്ട് പറഞ്ഞു.

"മന്ത്രിമാരും രാഷ്ട്രീയ പ്രമുഖരും നോക്കുകുത്തികളായി ഇനിയും നിൽക്കുന്നത് മൂഢത്വമാണ്. നമ്മുടെ പൊതു പ്രവർത്തകരുടെ ബോധതലം നമ്മുടെ ചുറ്റുപാടിലേക്കുകൂടി വ്യാപിക്കേണ്ട കാലം കഴിഞ്ഞുപോവുകയാണ്. ലോകമുതലാളിത്തത്തെ കടിഞ്ഞാണിടാൻ ഈ രാഷ്ട്രീയ-പൊതുപ്രവർത്തകർക്ക് കഴിയണം." പന്ന്യൻ രവീന്ദ്രൻ കൂട്ടിച്ചേർത്തു.

നമുക്ക് ആന്തരിക മലിനീകരണം സംഭവിച്ചുവെന്നും നമ്മുടേതായ ഒരു ഉപഭോഗസംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ടെന്നും ആശംസ പ്രസംഗത്തിൽ സർവ്വോദയസംഘത്തിന്റെ കുഞ്ഞികൃഷ്ണൻ മാസ്റ്റർ പറഞ്ഞു.

സോളിഡാരിറ്റി യൂത്ത് മൂവ്മെന്റിന്റെ സെക്രട്ടറി ഫൈസൽ വേപഥു പൂണ്ടത് ഇങ്ങനെയായിരുന്നു.

"നമ്മുടെ സമൂഹം ഇന്ന് തരംതിരിക്കപ്പെട്ടിരിക്കുന്നു. തൊഴിലാളി, മുതലാളി, പരിസ്ഥിതി പ്രവർത്തകർ, സാധാരണക്കാർ, മധ്യവർഗ്ഗക്കാർ എന്നിങ്ങനെയാണിത്. ഈ തരംതിരിവിൽ നാം മനുഷ്യൻ എന്ന വർഗ്ഗത്തെ മറക്കുകയും ചെയ്തു. ആഗോള മൂലധന ശക്തികൾ നമ്മുടെ കൈകളിൽ ആമം വെക്കുന്നത് ഈ തരംതിരിവിന്റെ "പഴുതിലൂടെയാണ്".

കേരളത്തിന്റെ മുഖ്യശത്രു മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ പോൾ തച്ചിൽ എന്ന ബ്യൂറോക്രാറ്റാണെന്ന് ചാലക്കുടിപുഴ സംരക്ഷണസമിതിയുടെ ഉണ്ണികൃഷ്ണൻ ആരോപിച്ചു.

അപകട രാസമാലിന്യങ്ങൾക്കെതിരായ അന്താരാഷ്ട്ര ഉടമ്പടികളും കോടതി വിധികളും എന്ന വിഷയത്തെക്കുറിച്ചുള്ള ആമുഖ പ്രഭാഷണം തണൽ എന്ന സംഘടനയുടെ സി. ജയകുമാർ നിർവ്വഹിച്ചു.

1868-ലാണ് സെന്റ് പീറ്റേഴ്സ്ബർഗിൽ വെച്ച് രാജ്യങ്ങൾ തമ്മിൽ യുദ്ധങ്ങളുണ്ടായാലുണ്ടാകുന്ന രാസമാലിന്യങ്ങളുടെയും വസ്തുക്കളുടെയും നിയന്ത്രണങ്ങളെക്കുറിച്ചുള്ള ആദ്യ അന്താരാഷ്ട്ര ഉടമ്പടി നടന്നത്. ഇതിന്റെ തുടർച്ചയായി 1906 ൽ അന്തർദേശീയ തൊഴിലാളി സംഘടനയുടെ സമ്മേളനം നടന്നു. ഫോസ്ഫറസ് ഉപയോഗിക്കുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചാണ് ഈ സമ്മേളനം മുഖ്യമായും ചർച്ച ചെയ്തത്. 1919 ൽ നടന്ന അന്തർദേശീയ കൺവെൻഷനിലും തൊഴിൽ സുരക്ഷ ഉറപ്പാക്കും വിധം ഫോസ്ഫറസും ലെഡും കൈകാര്യം ചെയ്യണമെന്ന ഉടമ്പടി ഒപ്പുവെച്ചു. ഈ ഉടമ്പടിയുടെ നിബന്ധനകൾക്കു വിധേയമായി മാത്രമെ ഈ രാസവസ്തുക്കൾ ലോകമെമ്പാടും ഉപയോഗിക്കാൻ അവകാശമുള്ളൂ. 1948-ൽ ചേർന്ന ലോകാരോഗ്യ സംഘടന ഓരോ രാജ്യങ്ങളോടും അതാതു രാജ്യങ്ങളിലുള്ള രാസപദാർത്ഥങ്ങളെക്കുറിച്ചും, അവയുടെ ഉപയോഗങ്ങളെക്കുറിച്ചും

അന്വേഷിക്കണമെന്ന് ഉത്തരവിട്ടു.

1972-ൽ സ്റ്റോക്ക്ഹോമിൽ നടന്ന അന്താരാഷ്ട്ര ഉച്ചകോടിയിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചില സുപ്രധാന കരാറുകൾ ചർച്ച ചെയ്യുകയുണ്ടായി. യുണൈറ്റഡ് നേഷൻസ് കമ്മീഷൻ ഓഫ് ഹ്യൂമൺ ആന്റ് എൺവയോൺമെന്റ് എന്ന സംഘടനയാണ് ഈ ഉച്ചകോടി സംഘടിപ്പിച്ചത്. ഐക്യരാഷ്ട്രസഭ ഐകകണ്ഠേന ലോകപരിസ്ഥിതിദിനം തീരുമാനിച്ചതും ഈ കൺവെൻഷനിൽ വെച്ചാണ്. ഇങ്ങനെ പരിസ്ഥിതിയും മലിനീകരണവും മനുഷ്യനുമായി ബന്ധപ്പെട്ട നിരവധി സുപ്രധാന അന്താരാഷ്ട്ര ഉടമ്പടികൾ നിലനിൽക്കെ ഇതൊന്നും ബാധകമല്ല എന്ന രീതിയിൽ നിലവിലുള്ള എല്ലാ വ്യവസ്ഥയെയും ലംഘിക്കുകയാണ് കേരളത്തിലെ കമ്പനികളെന്ന് ജയകുമാർ കുറ്റപ്പെടുത്തി.

അന്താരാഷ്ട്ര ഉടമ്പടികൾ, സുപ്രീം കോടതി വിധികൾ എന്ന ചർച്ചകൾക്കപ്പുറത്തേക്ക് പോകേണ്ട ഒരു പ്രശ്നമാണ് പെരിയാറിനെ ബാധിച്ചിട്ടുള്ള മലിനീകരണമെന്ന് സി.ആർ. നീലകണ്ഠൻ പറഞ്ഞു. "ഇത് രാഷ്ട്രീയമായി കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നമാണ്. അന്താരാഷ്ട്ര ഉടമ്പടികളല്ല നമ്മുടെ പ്രശ്നം. രാസവസ്തുക്കൾ പ്രയോഗിക്കുന്ന കമ്പനികൾ എങ്ങനെയാണ് തൊഴിലാളികൾക്കും, പ്രാദേശിക ജനങ്ങൾക്കും പ്രശ്നങ്ങളുണ്ടാക്കുന്നത് എന്നതാണ് മുഖ്യമായും ചർച്ചാവിഷയമാക്കേണ്ടത്. ഇരകളുടെ ഐക്യം കെട്ടിപ്പടുക്കുകയാണ് വേണ്ടത്. അല്ലാതെ ഈ പ്രശ്നം പരിഹരിക്കാനാവില്ല." സി. ആർ. നീലകണ്ഠൻ പറഞ്ഞു.

അഡ്വ. പി.എ. പൗരൻ (പി.യു.സി.എൽ), ഡോ. ആർ. നന്ദകുമാർ (കാർബൺ മലിനീകരണ വിരുദ്ധസമിതി) ഡോ. എം.കെ. പ്രസാദ് എന്നിവർ ഈ വിഷയത്തിൽ സംസാരിച്ചു.

പരിസ്ഥിതി പ്രശ്നങ്ങളും തൊഴിലാളിവർഗ്ഗ നിലപാടുകളും എന്ന സെമിനാറിൽ എൻ.പി. ജോൺസൺ, പ്രസാദ്, ചാൾസ് ജോർജ്ജ്, സുനിൽ പി. ഇളയിടം, ഗോപിനാഥ് തുടങ്ങിയവർ സംസാരിച്ചു. പ്ലാച്ചിമട കൊക്കകോള വിരുദ്ധസമിതി രക്ഷാധികാരി വിളയോടി വേണുഗോപാൽ, കോളവിരുദ്ധ സമര ഐക്യദാർഢ്യ സമിതി കൺവീനർ ആർ. അജയൻ, പ്രൊഫ. സീതാരാമൻ, ബാദുഷ, സി. ജയരാമൻ, സി. എം. ജോയ്, സക്കീർ ഹുസൈൻ തുടങ്ങിയവർ വിവിധ സമരങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് ചർച്ചകളിൽ പങ്കെടുത്തു.

കേരളത്തിൽ നടക്കുന്ന വിവിധ ജനകീയ സമരങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് മുന്നൂറിലേറെ പ്രവർത്തകരാണ് പരിസ്ഥിതി കൂട്ടായ്മയിൽ പങ്കുചേർന്നത്.

2003 ഒക്ടോബർ 10ന് അപകടകരമായ മാലിന്യങ്ങൾ പുറത്തുവിടുന്ന കമ്പനികൾക്കെതിരായ നടപടികൾ എടുക്കാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സുപ്രീം കോടതി കത്തുനൽകി. കേരളത്തിൽ 34 വ്യവസായങ്ങൾ അപകടകരമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നും, ഈ വ്യവസായ സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും മലിനീകരണ നിയന്ത്രണ ബോർഡ് മറുപടി നൽകി. ഇതിലെ 9 കമ്പനികൾ അടച്ചുപൂട്ടാനും പി.സി.ബി. ഉത്തരവ് നൽകിയെന്നും പറഞ്ഞു. എന്നാൽ ഒരു കമ്പനിയും മാർച്ച് 31 നകം അടച്ചുപൂട്ടാൻ ഉത്തരവിട്ടില്ല.

ഇന്ത്യയിലെ പരമോന്നത നീതിപീഠം പുറപ്പെടുവിച്ച സുപ്രധാന വിധിയുടെ പശ്ചാത്തലത്തിലാണ് മലിനീകരണത്തിനെതിരെ ഏലൂരിൽ നടന്ന ഈ മനുഷ്യസംഗമം പ്രസക്തമാകുന്നത്.

**കേരളീയത്തിൽ പ്രതീക്ഷിക്കുക**

പെരിയാറിൽ ഗ്രീൻപീസ് നിയോഗിച്ച
**റിവർ കീപ്പർ ജോസ്**
തന്റെ നിരീക്ഷണങ്ങളും
പഠനാനുഭവങ്ങളും പങ്കുവെയ്ക്കുന്നു.
**പ്ലാച്ചിമട, പരിസ്ഥിതി, വികസനം, രാഷ്ട്രീയം, ഭാവി**
**ഡോ. സതീഷ് ചന്ദ്രൻ, സി.ആർ. പരമേശ്വരൻ** എഴുതുന്നു.

**ഡി.ടി.പി. ഓപ്പറേറ്ററെ ആവശ്യമുണ്ട്**

മലയാളത്തിലും ഇംഗ്ലീഷിലും വേഗതയേറിയ ടൈപ്പിങ്ങ്. ഫോട്ടോഷോപ്പ്/പേജ്മേക്കർ, ആകർഷകമായ ലേഔട്ട് എന്നിവയിൽ പ്രസിദ്ധീകരണ സ്ഥാപനത്തിലെ രണ്ട് വർഷത്തിൽ കുറയാത്ത പരിചയം.

*ഉടൻ ബന്ധപ്പെടുക : കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 9447674375*

**വാർത്തകൾക്കുള്ളിലെ സത്യാന്വേഷണം**



കൃഷി, പരിസ്ഥിതി, ദളിത്, സ്ത്രീനീതി, മനുഷ്യാവകാശം, ഉപഭോക്തൃസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം

**വാർത്തകൾ, കുറിപ്പുകൾ, വിശകലനം**

കേരളീയം

വരിസംഖ്യാനിരക്ക്
**തപാലിൽ ലഭിക്കാൻ**

12 ലക്കങ്ങൾ
- സ്ഥാപനങ്ങൾക്ക് 350 രൂപ
- വ്യക്തികൾക്ക് 180 രൂപ
- ആജീവനാന്ത (10 വർഷം) വരിസംഖ്യ 2000 രൂപ
- ട്രസ്റ്റ് അംഗത്വം 6000 രൂപ

**M.O./D.D. അയയ്ക്കുക**

മാനേജർ,
കേരളീയം
തൃശൂർ - 21
ഫോൺ : 0487-2421385, 9447674375
E-mail :
keraleeyamtcr@rediffmail.com

പാരിസ്ഥിതിക വിവേകത്തിനായി ഒരു മുഖക്കണ്ണാടി